**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4272** **28-10-2021 - ൽ മറുപടിയ്ക്ക്**

**പ്രവർത്തനരഹിതമായ കയർ സഹകരണസംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പ്രവർത്തനരഹിതമായ എത്ര കയർ സഹകരണ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ വിവിധ കയർ പ്രോജക്ട് ഓഫീസുകളുടെ കീഴിൽ മൊത്തം 210 പ്രവർത്തനരഹിതമായ കയർ സഹകരണ സംഘങ്ങൾ ഉണ്ട് 1. ചിറയിൻകീഴ് കയർ പ്രോജക്ട് (തിരുവനന്തപുരം) – 38 2. കൊല്ലം കയർ പ്രോജക്ട് (കൊല്ലം , പത്തനംതിട്ട) - 43 3. ആലപ്പുഴ കയർ പ്രോജക്ട് - 32 4. കായംകുളം കയർ പ്രോജക്ട് - 11 5. വൈക്കം കയർ പ്രോജക്ട് (കോട്ടയം, ഇടുക്കി) – 14 6. നോർത്ത് പറവൂർ കയർ പ്രോജക്ട് (എറണാകുളം ) – 5 7. തൃശ്ശൂർ കയർ പ്രോജക്ട് - 7 8. പൊന്നാനി കയർ പ്രോജക്ട് (മലപ്പുറം, പാലക്കാട്) – 9 9. കോഴിക്കോട് കയർ പ്രോജക്ട് (കോഴിക്കോട്, വയനാട്) – 19 10. കണ്ണൂർ കയർ പ്രോജക്ട് (കണ്ണൂർ, കാസർഗോഡ്) – 32 |
| (ബി) | ഇതിൽ വൈദ്യുതി വകുപ്പുമായുള്ള തർക്കം കാരണം പ്രവർത്തനം തുടങ്ങാൻ കഴിയാത്തവ എത്രയെന്ന് അറിയിക്കുമോ; | (ബി) | വൈദ്യുതി കുടിശ്ശിക ഉള്ളതുമൂലം പ്രവർത്തനം തുടങ്ങാൻ കഴിയാത്ത മൂന്ന് സഹകരണ സംഘങ്ങളുണ്ട്. |
| (സി) | സർക്കാർ തീരുമാനം വൈദ്യുതി റഗുലേറ്ററി കമ്മിറ്റി അംഗീകരിക്കാത്തതിനാലാണ് കൊടുവള്ളി കയർ വ്യവസായ സഹകരണ സംഘം തുറക്കാൻ കഴിയാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കൊടുവള്ളി കയർ വ്യവസായ സഹകരണ സംഘത്തിന് 8 ലക്ഷം രൂപയുടെ വൈദ്യുതി കുടിശ്ശികയുണ്ടായിരുന്നു. തൽസമയം പ്രവർത്തനക്ഷമമായതും വൈദ്യുതി കുടിശ്ശിക തീർത്താൽ പ്രവർത്തനക്ഷമമാകുവാൻ മറ്റ് തടസ്സങ്ങൾ ഇല്ലാത്തതുമായ സംഘങ്ങൾക്ക് വൈദ്യുതി കുടിശ്ശിക തീർക്കുന്നതിന് 23.01.2020 ലെ ജി.ഒ. നം. 677/20/ഫിൻ എന്ന ഉത്തരവ് പ്രകാരം 37.11 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ കൊടുവള്ളി സംഘം പ്രവർത്തനക്ഷമമല്ല എന്നും മെഷിനറികൾ പരിപൂർണ്ണമായും തുരുമ്പെടുത്ത് നശിച്ച അവസ്ഥയിലായിരുന്നു എന്നും 22.07.2019 ൽ കോഴിക്കോട് പ്രോജക്ട് ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംഘത്തെ വൈദ്യുത കുടിശ്ശിക തീർപ്പാക്കൽ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. നിലവിൽ സംഘം യാതൊരു പ്രവർത്തനവും ഇല്ലാത്ത അവസ്ഥയിലാണ്. ടി സംഘത്തിന് വേണ്ടി മാത്രം സർക്കാർ പ്രത്യേക തീരുമാനങ്ങളൊന്നും കൈകൊണ്ടിട്ടില്ല. |
| (ഡി) | കൊടുവള്ളി സഹകരണ കയർ ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | സംഘത്തിന്റെ നിലവിലുള്ള ഭരണസമിതി വിളിച്ചു ചേർത്ത് സംഘം തുറന്നു പ്രവർത്തി പ്പിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുന്നതിനായി 17.11.2021 ന് സംഘം ഭരണ സമിതിയുമായി ഒരു യോഗം കോഴിക്കോട് പ്രോജക്റ്റ് ഓഫീസിൽ വച്ച് ചേരുന്നതിനു തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ